LIBRARY ARCHIVES Kerala Legislative Assembly

## ന്യൂഡൽഹിയിലുള്ള കേരള ഹൗസിന്റെ പ്രവർത്തനം

3 [2482] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിലുള്ള കേരളാ ഹൗസിന്റെ പ്രവർത്തനം ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നിന്നു മാറ്റി ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഭാഗമാക്കാൻ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടി ഏതു ഘട്ടത്തിലാണ്, വിശദമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ട നടപടിയുടെ രേഖകൾ ലഭ്യമാക്കുമോ;

(സി) കേരളാ ഹൗസിലെ കമ്മീഷണർ പോസ്റ്റ് ചീഫ് സെക്രട്ടറിയുടെ റാങ്കിന് തുല്യമായി ഉയർത്താൻ നടപടി എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) കേരള ഹൗസ് റസിഡന്റ് കമ്മീഷണർ പോസ്റ്റ് ജോയിന്റ് സെക്രട്ടറി റാങ്കിനു താഴെ ആയിരിക്കുന്നതിനാൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയുമായുള്ള കേരള സർക്കാരിന്റെ ആവശ്യങ്ങൾ സംബന്ധിച്ചുള്ള ചർച്ചകൾക്കും കത്തിടപാടുകൾക്കും വേണ്ടത്ര പ്രാധാന്യം കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ ആന്റ് ബി) ന്യൂഡൽഹിയിലെ കേരളാ ഹൗസിന്റെ പ്രവർത്തനം പൊതുഭരണ (ടൂറിസം) വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലും റസിഡന്റ് കമ്മീഷണറുടെ മേൽനോട്ടത്തിലുമാണ് നടന്നുവരുന്നത്.

(സി) ഇല്ല.

(ഡി) 1982 ഐ.എ.എസ്. ബാച്ചിലുള്ള, ന്യൂഡൽഹിയിലെ കേരള സർക്കാരിന്റെ റസിഡന്റ് കമ്മീഷണർ സീനിയോരിറ്റി അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥനാണ്. റസിഡന്റ് കമ്മീഷണറുടെ റാങ്ക് കേരള സർക്കാരിന്റെ ആവശ്യങ്ങൾ സംബന്ധിച്ചുള്ള ചർച്ചകൾക്കും കത്തിടപാടുകൾക്കും തടസ്സമായി നിന്നിട്ടില്ല.

## ഡൽഹിയിലെ കേരള ഹൗസ് ജീവനക്കാർക്ക് സർവ്വീസ് റൂൾസ് നടപ്പിലാക്കാനുള്ള നിർദ്ദേശം

4 [2483] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഡൽഹിയിലെ കേരള ഹൗസ് ജീവനക്കാർക്ക് സർവ്വീസ് റൂൾസ് നടപ്പിലാക്കിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;